6. ഓരോ സെക്ഷനുകളിലെയും ഫയലുകൾ ഏത് ഉദ്യോഗസ്ഥന്റെ പക്കലാണുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

7. ഇ-ഓഫീസിന്റെ നോട്ടീസ് ബോർഡ് മുഖേന വകുപ്പുതല എല്ലാ ജീവനക്കാരും അറിയേണ്ട കാര്യങ്ങൾ താമസംകൂടാതെ അറിയിക്കാൻ സാധിക്കുന്നു.

8. ഉയർന്ന ഉദ്യോഗസ്ഥർക്ക് VPN വഴി ഇ-ഓഫീസ് ലഭ്യമാവുന്നതിനാൽ ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നു.

9. ഇ-ഓഫീസ് വരുന്നതോടെ പേപ്പർരഹിത ഓഫീസ് ആയതിനാൽ ഓഫീസിലെ പൊതു ശുചിത്വം വർദ്ധിക്കപ്പെടുകയും ചെയ്യും.

(സി) വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ മുഴുവൻ മേൽനോട്ടവും ഐ.റ്റി സെൽ നിർവ്വഹിക്കുന്നു.

2. സോഫ്റ്റ്വെയർ നിർമ്മിക്കൽ, സെർവർ മേൽനോട്ടം, സോഫ്റ്റ്വെയറിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തൽ, ഇ-മെയിൽ ഐ.ഡി-കൾ, വിവിധ വകുപ്പുകളുടെ കോൺഫിഗറേഷൻ, ട്രെയിനിംഗ് എന്നിവ നൽകുന്നത് എൻ.ഐ.സി. ആണ്.

3. ഇൻഫ്രാസ്ട്രക്ചർ ഗ്യാപ്പ് വിലയിരുത്തുന്നത് ഐ.ടി. മിഷനാണ്.

4. ഇൻഫ്രാസ്ട്രക്ചർ ഗ്യാപ്പ് നികത്തുന്നതും തകരാറ് കണ്ടെത്തുന്നതും നെറ്റ്വർക്കിംഗ്, ഡിജിറ്റൈസേഷൻ സ്ട്രാറ്റജി നടത്തുന്നതും കെൽട്രോൺ ആണ്.

സർക്കാർ ഓഫീസുകളിൽ നൽകുന്ന പരാതികൾക്ക് മറുപടി

27 (1891) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ ആവശ്യങ്ങളും ആവലാതികളും ഉന്നയിച്ച് നൽകുന്ന പരാതികൾക്ക് ഒരു മറുപടിയെങ്കിലും നൽകിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്ത് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ അത്തരത്തിൽ ഏറ്റവും ഒടുവിൽ നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സെക്രട്ടറിമാരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് നൽകുന്ന പരാതികളിൽ വർഷങ്ങൾ കഴിഞ്ഞാലും തീർപ്പുണ്ടാകുകയോ മറുപടി നൽകുകയോ ചെയ്യാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അത്തരം കേസുകൾ പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പരാതിക്കാരായ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അവഗണനയിന്മേൽ പരാതിപ്പെട്ടാൽ നടപടി സ്വീകരിക്കാൻ സംവിധാനമുണ്ടാക്കുകയും അക്കാര്യം പൊതുജനങ്ങളെ അറിയിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) അപേക്ഷകന് ഒരു മാസത്തിനകം പരാതിയിന്മേൽ മറുപടി നൽകേണ്ടതും അന്തിമ മറുപടി മൂന്ന് മാസത്തിനുള്ളിൽ നൽകണമെന്നും നിർദ്ദേശിച്ചുകൊണ്ട് 28-4-1992-ൽ സർക്കുലർ നമ്പർ 4264/ഡി2/92 പി &എ.ആർ.ഡി, സർക്കുലർ 6245/ഡി2/95/പി&എ.ആർ.ഡി തീയതി 31-5-1995 എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ബി) പരാതികൾ സമയബന്ധിതമായി പരിഹരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) സർക്കാർ ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾ/പരാതികൾ/ നിവേദനങ്ങൾ മുതലായവയ്ക്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് കൈപ്പറ്റ് രസീതിന്റെ മാതൃക സഹിതം സർക്കുലർ നമ്പർ 168/എ.ആർ.13(2)/09/ ഉഭപവ തീയതി 12-1-2009 പുറപ്പെടുവിച്ചിട്ടുണ്ട്. 28-4-1992-ൽ സർക്കുലർ നമ്പർ 4264/ഡി 2/92/പി&എ.ആർ.ഡി പ്രകാരം പൊതുജനങ്ങൾക്കായി എല്ലാ ഓഫീസുകളിലും എൻക്വയറി കൗണ്ടറുകൾ തുറക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സന്ദർശകർക്ക് അവരുടെ ആവലാതികൾ ബോധിപ്പിക്കുവാനും ബന്ധപ്പെട്ട സെക്ഷനുകൾക്ക് കാലവിളംബം കൂടാതെ പരാതികളിന്മേൽ പരിഹാരം കാണുവാനും എൻക്വയറി കൗണ്ടറുകളുടെ പ്രവർത്തനം സഹായകമാകുകയും ചെയ്യുന്നുണ്ട്.

സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്ര

28 (1892) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥരുടെ വിദേശയാത്രയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly